**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **4172** — **26.06.2013** -ൽ മറുപടിയ്ക്ക്

## ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) | ഒ. ബി. സി പ്രീ-മെട്രിക് സ്കോളർ ഷിപ്പുകൾക്ക് അപേക്ഷിക്കാനുള്ള യോഗ്യതയും മാനദണ്ഡവും വിശദീക രിക്കാമോ ; | (എ) | വാർഷിക വരുമാനം 44,500/- രൂപയിൽ അധികരിക്കാത്ത പിന്നോക്ക സമുദായങ്ങളിൽ ഉൾപ്പെട്ട രക്ഷിതാക്കളുടെ, സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ, 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ളത്. |
| (ബി) | ഒ. ബി. സി പ്രീ-മെട്രിക് സ്കോളർ ഷിപ്പിന് ന്യൂനപക്ഷ വിഭാഗങ്ങൾ അർഹരല്ലെന്നും അപേക്ഷിക്കേണ്ട തില്ലെന്നും ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; | (ബി) | ഒരേ ആവശ്യത്തിന് ഒന്നിലധികം സ്കോളർഷി പ്പുകൾ അനുവദിക്കുവാൻ പാടില്ല എന്ന് ഒ.ബി.സി, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ സംബ ന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശ മുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ എന്ന നിലയിൽ ഒ. ബി. സി പ്രീ-മെട്രിക് സ്കോളർഷിപ്പിന് ന്യൂനപക്ഷ വിഭാഗ ത്തിലെ കുട്ടികൾ അപേക്ഷിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാ ശങ്ങളെ നിഷേധിക്കുന്ന ഉത്തരവുകൾ പുന:പരിശോധിക്കാൻ തയ്യാറാകുമോ ; | (സി) യും | പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കണമെന്ന് വിവിധ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. പുന:പരിശോധിക്കുന്നതാണ്. |
| (ഡി) | ഒ.ബി.സി പ്രീ-മെട്രിക് സ്കോളർ ഷിപ്പിനു ന്യൂനപക്ഷ വിഭാഗങ്ങൾക്കു കൂടി അപേക്ഷിക്കുന്നതിന് അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ ? | (ഡി) യും | |

സെക്ഷൻ ഓഫീസർ